**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ശ്രീമതി.ജലജാമണി കെ.കെ-ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.No.OAEKM659/2021.
2.കത്ത് നം. DHS/8542/2024/FWA5 തീയതി: 21/02/2025.
3.അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ (എറണാകുളം) നിന്നും 28/02/2025 തീയതിയിൽ ലഭ്യമായ കത്ത് നം. G3-OAEKM 659/2021/2025032056.
4.ES5/32284/2017/DHS തീയതി: 07/12/2018.
5.ഉത്തരവ് നം.ഇ.സി3/1119/2022/ആ.വ.ഡ തീയതി: 18/01/2025.

**ഉത്തരവ് നം:** DHS/14253/2024-FWA5 **തീയതി:** 28-05-2025

---

പരാമർ ശം (1) പ്രകാരം ശ്രീമതി.സുഷമ.പി.ആർ-ഉം മറ്റുള്ളവരും ചേർന്ന് OA659/2021 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-ന്റെ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിരുന്നതിനാൽ , ബഹു:കോടതിയുടെ വിധിന്യായം ലഭ്യമാകുന്നത് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് - 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുള്ളതാണ്. എന്നാൽ സർക്കാരിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുവാൻ ഉത്തരവായിട്ടുള്ളതും, നിലവിൽ പബ്ലിക് ഹെൽത്ത് നേഴ്സ്, പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികകളിൽ ഒഴിവുള്ളതിനാലും ഫീൽഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സൂപ്പർവിഷൻ നടത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്- 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് മേൽ പരാമർശം (2) പ്രകാരം നിയമോപദേശം ആരാഞ്ഞിട്ടുള്ളതും പരാമർശം (3) പ്രകാരം നിയമോപദേശം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് OA659/2021-ലെ പരാമർശം (4) പ്രകാരമുള്ള Annexure A25 സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകാവുന്നതാണ് എന്നും എന്നാൽ OA659/2021 പ്രകാരമുള്ള കേസിൽ ഉൾപ്പെട്ടിട്ടുള്ള പാർട്ടി റെസ്പോണ്ടന്റ് ആയിട്ടുള്ള ജീവനക്കാർക്ക്

അവർക്ക് പ്രൊമോഷന് അർഹതയുണ്ടെങ്കിലും പ്രൊമോഷൻ നൽകുവാൻ പാടുള്ളതല്ല എന്നും അറിയിച്ചിട്ടുണ്ട്.

പരാമർ ശം ( 4 ) പ്രകാരമുള്ള Annexure A25 സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 2039 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ജലജാമണി.കെ.കെ-യുടെ പേരിൽ അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്- 1 ൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും ടിയാളെ ഒഴിവാക്കിയിരുന്നു. എന്നാൽ ശിക്ഷണ നടപടിയുടെ ഭാഗമായി ശ്രീമതി.ജലജാമണി-യുടെ 2 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട് പരാമർശം (5) പ്രകാരം അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**മേൽ സാഹചര്യത്തിൽ** No.80776-S(B) 4/60/PD Trivandrum, Dated, 13th October 1961 പ്രകാരം ശ്രീമതി.ജലജാമണി-ക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് 41300-87000 എന്ന ശമ്പള സ്കെയിലിൽ താത്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പെൻ | പേര് | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമിച്ചിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|
| 1 | 2039 | 352381 | ശ്രീമതി.ജലജാമണി.കെ.കെ | 06/05/1973 | പ്രാഥമികാരോഗ്യ കേന്ദ്രം, നാട്ടകം, കോട്ടയം | കോട്ടയം |

കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതിനു മുമ്പ് ടിയാളിൽ നിന്നും ഈടാക്കാനുള്ള തുക (Monetary Value equivalent to the amount of increment to be with held) ഒറ്റ തവണയായി 1960 ലെ Kerala Civil Services (Classification, Control & Appeal) Rules, Rule II (1) II (3), Dated, 13/10/1961 80776/S(B4)/60/PD എന്നിവ പ്രകാരം ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

. കൂടാതെ ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നടത്തുമ്പോൾ യഥാസമയം തന്നെ ട്രെയിനിംഗിനു ഹാജരാകുന്നതാണെന്നു ജീവനക്കാരിയിൽ നിന്നു സത്യവാങ്മൂലം എഴുതി വാങ്ങി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സേവന പുസ്തകത്തിൽ പതിച്ച് ആയതു വ്യക്തമായി രേഖപ്പെടുത്തേണ്ടതും, പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു നൽകേണ്ടതുമാണ്.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ടി ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചു നൽകുന്നതല്ല. ജീവനക്കാരിയുടെ വിടുതൽ വിവരങ്ങൾ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്. കൂടാതെ 2025-ലെ പൊതുസ്ഥലംമാറ്റം നടത്തുന്ന അവസരത്തിൽ ജില്ലകളിലേക്ക് യോഗ്യരായ അപേക്ഷകർ ഉള്ള പക്ഷം ആവശ്യമെങ്കിൽ ടിയാളുടെ ജില്ലയിലെ നിയമനം പുനഃപരിശോധിക്കുന്നതാണ്. കൂടാതെ പ്രസ്തുത ഉത്തരവ് OA 659/2021 പ്രകാരമുള്ള ബഹു: കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

Dr MEENAKSHY V

ADDITIONAL DIRECTOR OF HEALTH SERVICES

Signed by
Meenakshy V
Date: 28-05-2025 16:04:16

സ്വീകർത്താവ്:-

സ്ഥാപന മേധാവികൾ/ ജീവനക്കാർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചു നൽകുന്നതല്ല)

പകർപ്പ്:-

1.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കോട്ടയം

3.സൂപ്രണ്ട് ,ഇ സി സെഷൻ

4.ഫയൽ /കരുതൽ ഫയൽ